(ഡി) ബി.ഐ.എഫ്.ആർ. നിർദ്ദേശപ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ സമർപ്പിച്ച നവീകരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

4 [935] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്.

(ബി) ആസ്ട്രാൾ വാച്ചസ് ലിമിറ്റഡ് കമ്പനിയും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒരു യൂണിറ്റുമാണ് അവ.

(സി) വ്യവസായ വകുപ്പിനുകീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അവിടെ തുടങ്ങാനുദ്ദേശിക്കുന്നില്ല.

അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

5 [936] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട് ; ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണ് ; അവ ഏതെല്ലാം ;

(ബി) 2001-നുശേഷം ഏതെങ്കിലും സ്ഥാപനങ്ങൾ നഷ്ടത്തിലോ ലാഭത്തിലോ ആയി തീർന്നിട്ടുണ്ടോ ; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ,

(സി) അവയുടെ ലാഭനഷ്ടക്കണക്കിന്റെ വിശദവിവരം അറിയിക്കുമോ ;

(ഡി) 2001-നുശേഷം നഷ്ടംമൂലം അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ഇ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly